
# സിഫിയാക്കോ





## വി.പി.എം.എസ്.എൻ.ഡി.പി.എച്ച്എസ്.എസ് കഴിമ്പ്രം

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

"ജാതിഭേതം മതദ്വേഷ
മേതുമില്ലാതെ സർവ്വരും
സോദരത്വേനവാഴുന്ന
മാതൃകാ സ്ഥാനമാണിത് "

**ശ്രീനാരായണ ഗുരുദേവൻ**





വെള്ളാപ്പള്ളി നടേശൻ

ജനറൽ മാനേജർ എസ്.എൻ.ഡി.പി യോഗം സ്കൂൾസ്



# ശ്രീ. സി.പി സുദർശനൻ

(വിദ്യാഭ്യാസ സെക്രട്ടറി,എസ്.എൻ.ഡി.പി യോഗം സ്കൂൾസ്)




ഒ.വി സാജു

(പ്രിൻസിപ്പാൾ)



എം കെ മനോജ്

(ഹെഡ്മാസ്റ്റർ )



# സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റെ ആദ്യസംരംഭമായ സിഫിയാക്കോ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു. ഇതിന്റെ അണിയറ ശിൽപ്പികളായ അധ്യാപകരെയും വിദ്യാർത്ഥി വിദ്യാർത്ഥിനികളേയും അനുമോദിക്കുന്നു.

**എം കെ മനോജ്**
(ഹെഡ്മാസ്റ്റർ )




# സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ സംരംഭമായ സിഫിയാക്കോ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു. ഇതിന്റെ അണിയറ ശിൽപ്പികളായ അധ്യാപകരെയും വിദ്യാർത്ഥി വിദ്യാർത്ഥിനികളേയും അനുമോദിക്കിന്നു.

**ഒ.വി സാജു**

(പ്രിൻസിപ്പാൾ)

# ഉള്ളടക്കം



1.നമ്മുടെ  വിദ്യാലയം
2.''കരളുറപ്പുള്ള കേരളം
3.പാച്ചാനും പൂച്ചയും
4. ചിത
5.മാമ്പഴവും കുട്ടപ്പനും
6.തേനീച്ചറാണിയും ബീമ്മനാനയും
7.കലാലയം
8.അച്ഛനു വേണ്ടി
9.മാവിൻക്കൊമ്പിലെ കുസൃതി
10.കെങ്കേമമന്റെ കേരളം
11.അത്ഭുത സിദ്ധിയുള്ള വടി

12. മഴ
13.സഖി
14.
ആ ഭാഷ
15.അമ്മ
16.  A Wise old owl
17.      Thoughts About  Friends
18. Fake Friends
19.  കുറുക്കനും മുതലയും
20.  കഴുതയുടെ പാട്ടുകച്ചേരി
21.  THE LION AND THE FOUR COWS
22. സുന്ദര ഗ്രാമം
23.    എലഞ്ചലഞ്ചോ

# ആമുഖം

മാറ്റമില്ലാത്തതായി ഈ ലോകത്ത് ഒന്നേയുള്ളൂ അത് മാറ്റം എന്ന വാക്ക് മാത്രമാണ്. അതേ കാലവും ലോകവും പ്രകാശ വേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണ് .

ആ മാറ്റങ്ങളിൽ നിന്ന് മാറി നിൽക്കുവാൻ നമുക്കാവില്ല . സാങ്കേതിക വിദ്യയുടെ അവിശ്വസിനീയ ഈ മുന്നേറ്റത്തിലേക്ക് നമുക്കും സംഭാവനകൾ ചെയ്യേണ്ടതുണ്ട്. അതിന്റെ ഒരു മുന്നോടിയാണ് **സിഫിയാക്കോ** എന്ന ഈ **ഡിജിറ്റൽ മാഗസിൻ .**

**സിഫിയാക്കൊ** എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം **ഡിജിറ്റൽ** എന്നാണ്. കാലഘട്ടത്തിന്റെ മാറ്റങ്ങളിൽ പങ്കാളികളികാൻ ഞങ്ങളും ............

**സ്നേഹാദരങ്ങളോടെ**
**സിഫിയാക്കൊ ഡിജിറ്റൽ മാഗസിൻ**

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്**

**വി.പി.എം.എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്**
**കഴിമ്പ്രം**

# നമ്മുടെ വിദ്യാലയം

സാമ്പത്തിക, സാമൂഹിക ,സാംസ്കാരിക രംഗങ്ങളിൽ പിന്നോക്കാവസ്ഥയിൽ നിന്നിരുന്ന കഴിമ്പ്രം തീരദേശത്തിന്റെ നവോത്ഥാനത്തിനായി ശ്രീ നാരായണ ഗുരുദേവന്റെ നിർദ്ദേശപ്രകാരം ഷഷ്ഠി സമാജത്തിന്റെ നേതൃത്വത്തിൽ ചോലയിൽ കുഞ്ഞി മാമി വൈദ്യരുടെ സ്ഥലത്ത് ആരംഭിച്ച വിദ്യാലയത്തിന്റെ ആദ്യ മാനേജർ വാലിപറമ്പിൽ പാററൻ കുട്ടി ആയിരുന്നു. 1927 ൽ ഹയർ എലിമെന്ററി സ്കൂൾ ആയി ഉയർത്തപ്പെട്ടു.

1980 ൽ സ്കൂൾ SNDP യോഗത്തെ ഏൽപിക്കുകയും 1982 ൽ HS ആയി ഉയർത്തുകയും ചെയ്തു.1998 ൽ ഹയർ സെക്കന്ററി കൂടി അനുവദിക്കപ്പെട്ടു.

ഒരു നാടിന്റെ കൂട്ടായ്മയിൽ നിന്ന് രൂപപ്പെട്ട മഹാകവി കുമാരനാശാൻ സ്മാരക ഗവേഷണ ലൈബ്രറി മൾട്ടിമീഡിയ സമുച്ചയും പൊതുജന പങ്കാളിത്തത്തോടെ നേടിയ നേട്ടങ്ങളിൽ ഏറ്റവും മഹത്തരമാണ്.

ആദ്യ SSLC ബാച്ചിന്റെ ചരിത്ര വിജയം മുതൽ 100 % വിജയം ഇന്നും തുടരുന്ന ഈ വിദ്യാലയം കഴിമ്പ്രം തീരദേശത്തിന്റെ ഉന്നമനങ്ങൾക്ക് വഴി വിളക്കായി നില നിൽക്കുന്നു.



സിഫിയാക്കോ

# ''കരളുറപ്പുള്ള കേരളം''



# പാച്ചാനും പൂച്ചയും

പൂച്ചകൾ , കടിപിടി കൂടും നേരം

പാച്ചാനു ചെറിയൊരു കളിതോന്നീ ........

ഉരുളൻ കല്ലു പെറുക്കിയിട്ടവരുടെ

തലമണ്ടക്കൊരു വീക്കു കൊടുത്തു.......


അവരോ ,  കടിപിടി നിർത്തിട്ടവരുടെ

ഉടലിൽ നല്ലൊരു പണിപണിതൂ.....

കടിയും , മാന്തും , മുരളലുമായ്........

**പൂച്ചച്ചാരോ.....**

**ഗതികെട്ടൂ !**



# ചിത

മനസ്സിന്റെ മടിത്തട്ടിൽ

മോർച്ചറിയിലേതുപോലെ

തണുത്ത് മരവിച്ച് കിടപ്പുണ്ട്

പലരും പറന്നു നടന്ന നീർകുമിളകളിൽ

പതിഞ്ഞ സ്വപ്നങ്ങളും

പറയാൻ മറന്ന പ്രണയനിവേദനത്തിന്റെ

ശവകുടീരവും

നിഴൽ പോലെ സംരക്ഷിച്ചു

എന്റെ വിശ്വാസങ്ങളും

വിപത്തിൽ വീഥികളിൽ

ഞാൻ അന്ധനായി നടന്നപ്പോൾ

സിഫിയാക്കോ

ചിതയായി മാറിയ ശബ്ദങ്ങളും

കടമെടുത്ത നൊമ്പരങ്ങളുടെ

നീണ്ട രോദനങ്ങളും

ഒടുവിൽ ഞാനും....



**ഏഗ്നസ്സ്**

**IX**

സിഫിയാക്കോ

# മാമ്പഴവും കുട്ടപ്പനും

കുട്ട നിറയെ മാമ്പഴം

കുട്ടപ്പൻ വിൽക്കാൻ കൊണ്ടുവന്നു.!

ഒരു കട്ടി മാമ്പഴം വാങ്ങിയപ്പോൾ

തുരുതുരാ കുട്ടിങ്ങൾ വന്നു വാങ്ങി !

മാമ്പഴം വിൽപ്പന

ജോറായി

കുട്ടപ്പൻ കുട്ട

കമഴ്ത്തിവയ്ച്ചു!



# തേനീച്ചറാണിയും ബിമ്മനാനയും

മയിലാടുംകുന്നിന്റെ താഴ്‌വരയിലെ ഒരു പാറ ഇടുക്കിലാണ് റാണിത്തേ നീച്ചയും ചങ്ങാതിമാരും പാർത്തിരുന്നത്. ഒരു ദിവസം അവൾ അങ്ങകലെയുള്ള രാജമലയിൽ ത്തേ അന്യോഷിച്ചു പോയി. നീലക്കുറിഞ്ഞികൾ പൂത്തു നിൽക്കുന്ന കാലമായിരുന്നു അത്. അവിടെ നിന്ന് അവൾക്ക് ധാരാളം പൂന്തേനും പൂമ്പൊടിയും കിട്ടി. റാണി തേനീച്ചയും ചങ്ങാതിമാരും പൂന്തേനുമായി വളരെ ദൂരം പറന്ന് അവരുടെ വീടിനടുത്തെത്തി. അപ്പോഴാണ് കാട്ടിലെ കുസൃതിയായ ബിമ്മനാ ന അവരുടെ വീടിനു മുന്നിൽ കിടന്നുറങ്ങുന്നതു തണ്ടത്.ബിമ്മദാനവഴി മുടങ്ങി

കിടക്കുന്നതു കൊണ്ട് അവർക്ക് കൂട്ടിലേക്കു കടക്കാൻ കഴിഞ്ഞില്ല. റാണി തേനീച്ച പറഞ്ഞു " ബിമ്മ നാനെ ബിമ്മ നാനെ നീ എന്തിനാ ഞങ്ങളുടെ വഴിമുടക്കി കിടക്കുന്നത്? ഞങ്ങൾ വല്ലാതെ ക്ഷീണിച്ച് തളർന്ന് വരുകയാണ്. വേഗം വഴിമാറി താ".



അത് കേട്ടപ്പോൾ ബിമ്മ നാനക്ക് വല്ലാത്ത കോപം വന്നു."എടി കിടമേ, ഇത്ര വലിയ ആനയോട് വഴിമാൻ പറയാൻ നീ ആരാ മഹാറാണിയോ ? എനിക്കിപ്പോൾ വഴി മാറാൻ മനസ്സില്ല".

ബിമ്മ നാനയുടെ ധിക്കാരം കേട്ട് റാണി തേനീച്ചക്ക് കലി കയറി. അവൾ പറഞ്ഞു;" എടാ വങ്കച്ചാരെ, നിസ്സാരൻമാരെന്നു കരുതി നീ ഞങ്ങളെ പുച്ഛിക്കരുത് 'മര്യാദയ്ക്ക് വഴിമാറിയില്ലെങ്കിൽ നല്ല കത്തു തരും "

ഇതു കേട്ടതോടെ ബിമ്മനാ ന കൊമ്പുകുലുക്കി കൊണ്ട് ചാടി എഴുന്നേറ്റു. റാണി തേനീച്ചയെ കുത്താൻ അവൻ ഒരുങ്ങി.

റാണിയും ചങ്ങാതിമാരും ഇതിനിടയിൽ

പാറയിടുക്കിലേക്കു കടന്നിരുന്നു' ദേഷ്യം സഹിക്കാനാവാതെ ബിമ്മനാ ന പാറമേൽ ആഞ്ഞു കുത്തി.

'ക്ടും' ''ക്ടും' ''ക്ടും

എന്നു ചെയ്യാം? ബിമ്മ നാനയുടെ കൊമ്പു രണ്ടും മുറിഞ്ഞു താഴെ വീണു! അവന്റെ നെറ്റിയിൽ നിന്ന് ചുടുചോര വാർന്നൊഴുകി' വേദന സഹിക്കാനാവാതെ അവൻ ഉറക്കെ അലമുറയിട്ടു.

''അയ്യോ... എന്റെ കൊമ്പുപോയേ...

റാണി തേനീച്ചയും ചങ്ങാതിമാരും ഇതു കേട്ട് ആർത്തുവിളിച്ചു. '' തോറ്റേതോറ്റേ ബിമ്മനാ ന തോറ്റേ... ജയിച്ചേ.. ജയിച്ചേ... ഈച്ചപ്പ ജയിച്ചേ!''

**ദിയ**

**IX**

സിഫിയാക്കോ

# കലാലയം

വിട പറയാൻ മടിച്ചു നിൽക്കുന്ന

വിജ്ഞാനവണ്ണങ്ങളെ
ഈ കലാലയം മഹാവൃക്ഷ ശിഖരങ്ങളിൽ
വീണ്ടും ഇരിക്കാൻ മോഹമോ....?

നിൻ ശിഖരങ്ങളിലൊര ഗമായ്
മാറിയ നാളുകൾ വിസ്മരിക്കാനാവില്ല ഒരിക്കലും
പക്ഷിൻ ചിറകടി പോലെ
കാറ്റിന്റെ കുളിർമയോടെ മുന്നൊരീ
കലാലയ ജീവിതം,

ആഘോഷമാക്കി യദിനങ്ങൾ
ഇന്നൊരോർമയായ് മാറുന്നിതാ.....
സൗഹൃദത്തിന്റെ ചില്ലയിൽ ഹരിതവർണ്ണങ്ങളാണ്
നിറഞ്ഞ്, പടർന്ന് നിൽക്കവേ

അറിഞ്ഞില്ല നിൻ ശിഖരങ്ങളിൽ നിന്നടർന്നു
വീഴാൻ നിമിഷമെത്തുതയാണെന്ന്
നിൻ പടവം കളിൽ ഇരിക്കും നേരം പോലും
തുടക്കുകയാണ്, നിൻ ഓർമകളിൽ ഞാൻ
ഇനിയുമീ ചില്ലയിലൊരു രക്ത പുഷ്പമായ്
വിടരുവാൻ, കൊതിച്ചു പോവുകയാണീ ഞാൾ

**ദൃശ്യ**
**IX**



# അച്ഛനു വേണ്ടി

വിവാഹം കഴിഞ്ഞു ഏട്ടന്റെ കൈ പിടിച്ചു കാറിൽ കയറുമ്പോൾ നിറമിഴികളോടെ ഞാൻ അച്ഛനെ ഒന്നു നോക്കി....

അച്ഛൻ ഉള്ളിലെ വിഷമം മുഖത്തെ പുഞ്ചിരി കൊണ്ടു മൂടി നിൽക്കുകയാണ് ആ കണ്ണുകളിൽ ഒരു സംതൃപ്തിയും കാണുന്നു. മകളെ സുരക്ഷിതമായ കൈകളിലേക്ക് ഏൽപ്പിച്ചതിന്റെ സംതൃപ്തി.

കാറിൽ കയറാൻ നിൽക്കുമ്പോൾ

തിരിഞ്ഞു അച്ഛന്റെ  അടുക്കലേക്ക് തന്നെ ചെന്നു കെട്ടിപ്പിടിച്ചു കരഞ്ഞു.

ആ കാഴ്ച  ചുറ്റും നിന്നവർ ചെറു പുഞ്ചിരിയോടെ നോക്കി നിന്നു.



 അച്ഛൻ പൊറുക്ക്  ഈ  ഇഷ്ടു മോളോട് ഇങ്ങൾ പൊറുക്ക് എന്നു

പറഞ്ഞു ഞാൻ കണ്ണുകൾ തുടച്ചു തിരികെ കാറിലേക്ക്  കയറി.....

അലയടിക്കുന്ന കണ്ണുനീരിനെ എനിക്ക്

നിയന്ത്രിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല.... കാറിൽ ഇരിക്കുമ്പോഴും തേങ്ങി കൊണ്ടിരുന്നു.

എന്റെ വിഷമം കണ്ടു അടുത്തിരുന്ന ഏട്ടൻ  എന്റെ വലതു കരങ്ങൾക്ക് മേലെ കൈ വെച്ചു

,സമാധാനിപ്പിച്ചു.
ഞാൻ ഏട്ടനെ നോക്കി നിസഹായമായി ഒന്നു മന്ദഹസിച്ചു സൈഡിലേക്ക് തല ചെരിച്ചു വെച്ചു കണ്ണുകൾ ഇറുക്കി അടച്ചു.

അച്ഛനെ മനസ്സുകൊണ്ട് ശപിച്ചൊരു മകളായിരുന്നു ഞാൻ.
എന്തിന്റെ പേരിൽ? സ്നേഹിച്ച പുരുഷനെ കിട്ടാത്തതിന്റെ പേരിൽ.

അച്ഛന്റെയും അമ്മയുടെയും ഒരേ ഒരു മകൾ ആണ് ഞാൻ ...
ഇരുപ്പത്ത് വയസ്സ് തികഞ്ഞപ്പോഴേക്കും ഒപ്പം ഉള്ള

പെൺകുട്ടികളുടെ എല്ലാം . ജീവനക്കാൾ ഏറെ

ഞാൻ സ്നേഹിച്ചിരുന്ന ആദിത്ത് ഏട്ടനു

വേണ്ടിയുള്ള കാത്തിരിപ്പ്.വിവാഹം കഴിഞ്ഞു.
എത്ര വിവാഹലോചനകൾ വന്നിട്ടും ഞാൻ മാത്രം വിവാഹത്തിന് സമ്മതിച്ചില്ല. പഠിക്കണം എന്നു പറഞ്ഞു വാശിപിടിച്ചു.യഥാർത്ഥത്തിൽ ഒരാൾക്കുള്ള കാത്തിരിപ്പായിരുന്നു അത്...

അത്രമാത്രം സ്നേഹിച്ചിട്ടും ആ ഇഷ്ട്ടം പറയാൻ എനിക്ക്  കഴിഞ്ഞിരുന്നില്ല...വിവേകം വെച്ച നാൾ മുതൽക്കേ എന്റെ ഉള്ളിൽ കുറിച്ചിട്ട പേര് ആയിരുന്നു ആദിത്ത് ഏട്ടന്റെ.

പ്രണയം തലക്ക് മുകളിൽ കയറിയ ഞാൻ അതുവരെ പോറ്റിവളർത്തിയ എന്റെ അച്ഛന്റെ കണ്ണിനീർ കണ്ടില്ല. പ്രായം തികഞ്ഞ മകൾ വീട്ടിൽ ഇരിക്കുമ്പോൾ മാതാപിതാക്കൾക്ക് ഉണ്ടാകുന്ന വിഷമം അറിയണം എങ്കിൽ നമ്മളും അച്ഛനോ അമ്മയോ ആകണം.

പെണ്ണുകാണാൻ ആരെങ്കിലും വന്നാൽ അമ്മയുടെ നിർബന്ധത്തിന് മാത്രം ഞാൻ അവരുടെ മുമ്പിൽ

പോയി നിൽക്കും.

അവസാനം വന്ന ഏട്ടന്റെ  ആലോചന എല്ലാം കൊണ്ടും ഒത്തിട്ടും ഞാൻ വേണ്ട എന്ന്

പറഞ്ഞപ്പോൾ അമ്മ  ഒരുപാട് ചീത്ത പറഞ്ഞു. എന്റെ സൗന്ദര്യത്തിലെ അഭംഗികളും കുറവുകളും

എടുത്തു പറഞ്ഞു.... വാക്കുകൾ കൊണ്ട് മനസ്സു മുറിവേറ്റപ്പോഴും ഞാൻ വിവാഹം വേണ്ട എന്നു മാത്രം മന്ത്രിച്ചു.

ഇരുട്ടുമുറിയിൽ മുഖം പൊത്തി കരഞ്ഞിരുന്ന എന്റെ അടുക്കലേക്ക് അച്ഛൻ  വന്നു കൊണ്ട് ചോദിച്ചു...

അച്ഛന്റെ കുട്ടിയുടെ മനസ്സിൽ ആരെങ്കിലും ഉണ്ടോ ?

ആ ചോദ്യത്തിനു മുന്നിൽ ഞാൻ എന്റെ മനസ്സ്

തുറന്നു.എല്ലാ കാര്യങ്ങളും അച്ഛനോട്  പറഞ്ഞു ,ആ കൈകളിൽ വീണു വിവാഹം വേണ്ട എന്നു പറഞ്ഞു പൊട്ടിക്കരഞ്ഞു.

എന്നെ  സമാധാനിപ്പിച്ചു എല്ലാം ശരിയാക്കാം എന്നു പറഞ്ഞു പോയ അച്ഛൻ  ഈ വിവാഹം കൊണ്ടു

തന്നെ മുന്നോട്ട് പോകുന്നത് കണ്ടപ്പോൾ എന്റെ അച്ഛനെ  വെറുത്തുപോയി.

പ്രവാസത്തിലേക്ക് അച്ഛൻ മടങ്ങി

# പോകുന്നതിനു മുൻപ് തന്നെ എന്റെ വിവാഹം ഉറപ്പിച്ചു...

തെളിച്ചമില്ലാത്ത മുഖത്തോടു കൂടി ആരുടെയൊക്കെയോ നിർബന്ധത്തിന് ഞാൻ ചടങ്ങുകൾക്ക് നിന്നു കൊടുത്തു

വിവാഹത്തിന്റെ തലേ ദിവസം വരെ ഞാൻ അച്ഛനോട് മിണ്ടിയിരുന്നില്ല. വീട്ടിലെ എല്ലാവരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുമ്പോൾ അച്ഛൻ വരുമ്പോൾ ഞാൻ എഴുന്നേറ്റു പോകും.

അതെല്ലാം എന്റെ അച്ഛന്റെ മനസ്സിനെനെ എത്രമാത്രം വേദനിപ്പിച്ചിരുന്നു എന്നു ഓർക്കാനുള്ള മനസ്സു പോലും എനിക്ക് ഉണ്ടായില്ല.

അച്ഛനിൽ നിന്ന് അകന്നു മാറുന്ന എന്നെ വിവാഹ തലേന്ന് അമ്മ എല്ലാവരും ഉറങ്ങിയ ശേഷം മാറ്റി നിർത്തി ചോദ്യങ്ങൾ കൊണ്ടു മൂടി.
ശാസനകളും ചീത്തകളും മാത്രം ഉയരുന്ന അമ്മയുടെ നാവ് അതെല്ലാം വെടിഞ്ഞു കൊണ്ടു എന്നോട്

കാര്യങ്ങൾ ചോദിച്ചു....

എന്തുകൊണ്ടാണ് അച്ഛനോട്  മിണ്ടാത്തത് എന്നു ചോദിച്ചപ്പോൾ ?നിങ്ങളുടെ ഭർത്താവിനോട് ഞാൻ ഇനി എന്റെ ഈ ജന്മത്തിൽ മിണ്ടില്ല അച്ഛൻ  എന്നു പോലും വിളിക്കില്ല എന്നു പറഞ്ഞപ്പോൾ അമ്മയുടെ കൈകൾ എന്റെ മുഖത്തു പതിഞ്ഞു...

എരിയുന്ന കണ്ണുകളോടെ ഞാൻ അമ്മയെ നോക്കി.

ആ സമയം അമ്മയിൽ നിന്നും അടർന്നു വീണ വാക്കുകൾക്ക് എന്റെ കണ്ണിലെ തീയിനെ അണക്കാൻ ശക്തി ഉള്ളതായിരുന്നു

തിന്നിട്ട് എല്ലിൻ ഇടയി കയറിയതുകൊണ്ടാണ് നീ  ഇങ്ങനെ

പറയുന്നത്. ആ മനുഷ്യൻ ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ കിടന്നു രാപ്പകൽ ഇല്ലാതെ അധ്വാനിക്കുക ആണ്. ഇതുവരെ നിന്റെ ഏതെങ്കിലും ആഗ്രഹം നടത്തി തരാതെ ഇരുന്നിട്ടുണ്ടോ ആ പാവം .അതിനൊക്കെ വേണ്ടി ഉറക്കവും ഭക്ഷണവും കളഞ്ഞു ആ പാവം എടുക്കാത്ത ജോലി ഒന്നും ഇല്ല.ആ

അച്ഛനെ  മറന്നു നീ ഉള്ളിൽ കയറ്റിയ പയ്യനെ കിട്ടാഞ്ഞിട്ടല്ലേ നീ ആ മനുഷ്യനോട്

ഇങ്ങനെ ഒക്കെ പെരുമാറുന്നെ ?നിന്റെ ഇഷ്ട്ടം അറിഞ്ഞതിന്റെ പിറ്റേദിവസം തന്നെ ആ പാവം ആദിത്തിനോട്  പോയി സംസാരിച്ചിരുന്നു. പണം കൊണ്ട് അമ്മാനമാടുന്ന അവന് നിന്റെ സ്നേഹത്തോട് പുച്ഛം ആയിരുന്നു,പരിഹാസ വാക്കുകൾ ഏറ്റുവാങ്ങി കൊണ്ടായിരുന്നു അച്ഛൻ  അന്ന് തിരികെ വന്നത്. പിന്നെ ആണ് ഈ

വിവാഹവും ആയി മുന്നോട്ട് പോയതും.

ഇതുവരെ സ്വഭാവം പോലും അറിയാത്ത

ഒരുത്തനെ പ്രാണനു തുല്യം സ്നേഹിക്കുന്നതിനു മുൻപ് ജനിപ്പിച്ച അച്ഛനെയും അമ്മയെയും കുറിച്ചു ഒന്നു ആലോചിക്ക്.... അവരെ മനസ്സിലാക്കാതെ എത്ര വലിയ പ്രണയിനി ആണെന്ന് പറഞ്ഞിട്ടും കാര്യം ഇല്ല. പ്രണയിക്കുന്നതിനു മുൻപ് മാതാപിതാക്കളോട് പറഞ്ഞു നോക്ക്

നിങ്ങൾക്ക് നല്ലതാണെങ്കിൽ ഞങ്ങൾ

നടത്തിത്തരും. നിങ്ങൾക്ക് ചേരാത്തത് ആണെങ്കിൽ ഉപേക്ഷിക്കാൻ പറയും. ഒരു അച്ഛനും  അമ്മയും മക്കളുടെ ഇഷ്ട്ടംനല്ലത് ആണെങ്കിൽ വേണ്ട എന്നു പറയില്ല.

അത്രയും പറഞ്ഞു അമ്മ അകത്തേക്ക്

പോയി. അച്ഛനോട് ഇത്രയും ദിവസം ഞാൻ

ചെയ്യത്ത് ഓർക്കുമ്പോൾ അപ്പോൾ തന്നെ ഭൂമി പിളർന്നു താഴേക്കു പോയെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു.

കുറ്റബോധം കൊണ്ടു എന്റെ മനസ്സ് വെന്തു നീറി.....

എന്റെ അച്ഛൻ എന്റെ ചെറുപ്പത്തിൽ പാടിയിരുന്ന ആ പാട്ട് എന്റെ കാതുകളിൽ മുഴങ്ങി.. കട്ടിലിൽ ഇരുന്നിരുന്ന അച്ഛന്റെ മടിയിൽ പോയി തല വെച്ച് കിടക്കുമ്പോ അച്ഛനാ പാട്ടു പാടും.

അച്ഛന് ഉണ്ടൊരു പെൺകുട്ടി ആ പൊൻകുട്ടിയുടെ പേരെന്താ.....?

അത്രയും പാടി ആ വരിയിൽ ചോദ്യം

എനിക്ക് നേരെ നീട്ടുമ്പോൾ ഞാൻ പറയും.

ഇഷ്ട മോൾ.......

അതു പറഞ്ഞു പാൽപല്ല് കാണിച്ച്
ചിരിക്കുമ്പോൾ  അച്ഛൻ എന്റെ കവിളിൽ ഉമ്മ
തരും.......

എത്ര വലിയ കുട്ടിയായാലും എങ്ങോട്ടെങ്കിലും
പോകുന്നതിനു മുൻപ്

അച്ഛന്റെ  കുട്ടി അച്ഛന് ഒരു ഉമ്മ തന്നെ എന്ന
അച്ഛന്റെ  ചോദ്യത്തിനു മുന്നിൽ ഞാൻ കവിളിൽ
ഉമ്മ കൊടുക്കും ആയിരുന്നു..
..

എനിക്ക് വേണ്ടിയാണ് അച്ഛൻ
പ്രവാസിയായത് ,ഞങ്ങൾക്ക് വേണ്ടിയാണ്
അച്ഛന്റെ  സന്തോഷങ്ങൾ ഉപേക്ഷിച്ചത്. ആ
അച്ഛനെ  മറന്നു അർഹിക്കാത്ത ഒന്നിനെ
സ്നേഹിച്ചതാണ് ഞാൻ ചെയ്ത തെറ്റ്.

അച്ഛനോട് ചെയ്തതിനു ,ആ മനസ്സ് വേദനിപ്പിതിന്റെ പാപം ഞാൻ എവിടെ കൊണ്ടുപോയി തീർക്കും....

കുറ്റബോധം കൊണ്ട് ഉരുകുന്ന മനസ്സുമായി ആയിരുന്നു ഞാൻ കല്യാണ പെണ്ണായി നിന്നത്....

കല്യാണം കഴിഞ്ഞു താലി  എന്റെ കഴുത്തിൽ പതിഞ്ഞപ്പോൾ ശെരിക്കുംഎന്റെ കണ്ണുനീർ തുള്ളികൾ അതിൽ ഇറ്റു വീണു.....

അച്ഛന്റെ വിയർപ്പ് തുള്ളികളിൽ വളർന്ന എന്റെ ജീവിതം മറ്റൊരാളുടെ വിയർപ്പിന് കാവൽക്കാരിയായി പടിയിറങ്ങുന്നു.

അച്ഛനോടു മനസ്സു തുറന്നു ക്ഷമ യാജിച്ചപ്പോൾ

സിഫിയാക്കോ

മനസ്സിന് എന്തോ ഒരു ആശ്വാസം...

അച്ഛൻ എന്നോട് ക്ഷമിക്കില്ലേ....
മക്കളുടെ തെറ്റ് അമ്മയും അച്ഛനും അല്ലാതെ മറ്റാരാണ് ക്ഷമിക്കുക... ദൈവം പോലും പൊറുക്കാത്ത തെറ്റ് ഇവർ ക്ഷമിക്കും... ചിലപ്പോൾ നമുക്ക് വേണ്ടി അതിന്റെ ശിക്ഷ

ഏറ്റെടുക്കും.മറ്റാരും നമ്മെ ഇങ്ങനെ സ്നേഹിക്കില്ല....



ക്ലിഷ
VIII

സിഫിയാക്കോ

# മാവിൻക്കൊമ്പിലെ കുസൃതി

മാവിൻ കൊമ്പിലെ കുസ്റ്റതിതത്തേ

നിന്നുടെ ചുണ്ടിൽ എന്തുണ്ട്?

മാമ്പഴമുണ്ടോ തേൻ പഴമുണ്ടോ

നറുതേൻ നുകരാൻ വന്നാട്ടെ

പാറി പറന്ന് നടന്നീടാൻ

ഊഞ്ഞാലാടി കളിയാടാൻ

നീ വരുമോ കുസൃതി തത്തേ

എൻ കള്ളി

കുറുമ്പിതത്തേ



നിന്നെ കാണാൻ ഞാൻ

കൊതിക്കും നേരത്ത്

എൻ മാവിൻക്കൊമ്പിൻ ചാരത്ത്

നീയൊന്ന് വന്നിരിക്കാമോ തത്തേ

പാറിപ്പറന്നിരിക്കാമോ

കൃഷ്ണ
viii


## സിഫിയാക്കോ





# സിഫിയാക്കോ



സിഫിയാക്കോ

# കൈക്കേമമന്റെ കേരളം

ഏഴേഴു കടലുകൾക്ക് അപ്പുറത്ത് ഭാരത മഹാസമുദ്ര ത്തിൻ
തീരത്ത് പ്രകൃതി ഭംഗി നിറഞ്ഞു നിൽക്കുന്നു. കേരവൃക്ഷങ്ങൾ നിറഞ്ഞു
നിൽക്കുന്ന ഒരു നാടുണ്ടവിടെ കൈരളി എന്ന ഒരു തീരം ഉണ്ടവിടെ '
എൻ ബാല്യം കുസൃതി കാണിച്ചു കളിക്കുന്ന തറവാടുണ്ടവിടെ
ബാല്യം മൊഴിയുന്ന മലയാളം എന്ന ഒരു ഭാഷയുണ്ടവിടെ
ബാല്യം മലയാള ഭാഷ പഠിപ്പിക്കുന്ന ഭാവന ഉണ്ടവിടെ.
അവർക്ക് മലയാളികൾ എന്ന ഓമനപ്പേരുണ്ട്.
മാമലകൾ തിങ്ങി നിറഞ്ഞ് നിൽക്കുന്ന കേരവൃക്ഷങ്ങൾ പലതുണ്ടവിടെ
നമ്മുടെ നാളികേരത്തിന്റെ നാടുണ്ടവിടെ
കേരള സംസ്കൃതി എന്ന സംസ്കാരം ഉണ്ടവിടെ
മാറോടു ചേർക്കാൻ മലയാളക്കരയിൻ
എൻ അമ്മ തന്നൊരു വീടുണ്ടവിടെ
ആ ഗൃഹത്തിൻ നാമം കൈരളി.



തൃഷ

IX

# അത്ഭുത സിദ്ധിയുള്ള വടി

നേരം പുലർന്ന് വരുന്നതേയൊള്ളു.ആരോ ഒരാൾ ബീർ ബലിന്റെ വാതിൽ തള്ളി തുറന്നു കൊണ്ട് അദ്ദേഹത്തെ ഉറക്കെ വിളിച്ചു.

പുറത്ത് വന്ന് നോക്കിയപ്പോൾ ബീർബൽ കണ്ടത് നെഞ്ചത്തടിച്ച് കരയുന്ന ബ്രാഹ്മണനെയായിരുന്നു ബീർ സലിന്റെ കാല്ക്കൽ വീണു പറഞ്ഞു
"എന്നെ രക്ഷിക്കണം" ബ്രാഹ്മണനെ എഴുനേൽപ്പിച്ച് എന്തുണ്ടായി ?

"എന്റെ ആയിരം പവൻ കളഞ്ഞു പോയി”. "വീട്ടിലെല്ലാം പരിശോധിച്ചുവോ? എന്റെ വേലക്കാരായി നാലുപേർ മാത്രമേ ഒള്ളൂ. അവരെയും ചോദ്യം ചെയ്തു അവരാരും

എടുത്തിട്ടില്ല”. ബീർബൽ ചോദിച്ചു ഭാര്യ, ബന്ധു ജനങ്ങൾ അയാൾ പറഞ്ഞു ആരുമില്ല. വിഷമിക്കേണ്ട നക്ഷ്ട്ടപ്പെട്ട

ആയിരം പവൻ ഞാൻ കണ്ടെത്തി തരാം.

ബ്രാഹ്മണന്റെ നാല് വേലക്കാരേയും

വരുത്തിച്ചു. നിങ്ങളിൽ ആരാണ് മോഷ്ടിച്ചത്?
ഞാനല്ല, ഞാനല്ല, ഞാനല്ല, ഞാനല്ല,.ബീർബൽ ഒരേ
വലുപ്പമുള്ള നാല് വടി




വേലക്കാർക്ക്

കൊടുത്തുകൊണ്ട്

പറഞ്ഞു ഇത്

സാധാരണനിയെല്ല.

പരിശുദ്ധമായ

അന്തരീക്ഷത്തിൽ

വളരുന്ന ദേവതാരു മരത്തിന്റെ താണ്. പണം

മോഷ്ടിച്ചവന്റെ വടി 24 മണിക്കൂറിനുള്ളിൽ 2

സെന്റീമീറ്റർ വലുതാകും നാലുപേരും

വടിയുമായി നാളെ വരുക. നാലു പേരും പിറ്റേ

ദിവസം വടിയുമായി വന്നു ബീർബൽ നാല്

വടിയും പരിശോധിച്ചു. ഒരു വടി 2 സെന്റിമീറ്റർ കുറഞ്ഞു. അത്ഭുത സിദ്ധിയുള്ള വടി


വളരുമെന്ന് വിചാരിച്ച് കള്ളൻ 2 സെന്റീമീറ്റർ നീളം കുറച്ചു. കള്ളനെ പിടി കിട്ടി. ബ്രാഹ്മണന് സന്തോഷമായി. അദ്ദേഹം ബീർബലിന്റെ ബുദ്ധിയെ അഭിനന്ദിച്ചു. ബീർബൽ അപ്പോഴും വേലക്കാരന്റെ ബുദ്ധിശൂന്യതയെ ഓർത്ത് ചിരിച്ചു കൊണ്ടു നിന്നു.

**നിസ**

**IX**

## സിഫിയാക്കോ



# മഴ



ഇമഴ പെയ്യുന്നൊരീ സന്ധ്യയിൽ
അറിയാതെ ഞാനൊരു വേഴാമ്പലായ്
ദാഹിച്ചു മോഹിച്ചു കാത്തിരുന്നു....
പ്രണയിനീ നീ എന്തേ വൈകി വന്നു...?
രാവുകളിൽ ഓരോ യാമങ്ങൾ തോറും
നിൻ സ്പന്ദനം കേൾക്കാനായ് കാതോർത്ത്
നിൻ കൊഞ്ചൽ കാണാനായ് എത്തി നോക്കി
നറുശ്രുവ്യം കേൾക്കാനായ് കാത്തിരുന്നു
എന്തേ നിനക്കെന്നോടു പരിഭവമോ...?
ഈ നേരം നിന്നോടു ചേർന്നിടാം ഞാൻ
കുളിർക്കാറ്റായ് ഒന്നു മാറിടാം ....
മയിൽപ്പീലി പോലൊന്നു തഴുകി
മഴേ... നീ എൻ അകതാരിലായ്

**റിൻഷിത**

**IX**

# സഖി




സ്മരണകളാൽ മുള പൊട്ടിയ
പുഷ്പങ്ങളെ
പ്രണയം നകർന്ന വണ്ടുകളെ
ഇന്നു ഞാനവളെ കണ്ടിരുന്നു
നഗ്നമാം അവളുടെ പാദങ്ങളിൽ
തിരമാലകൾ സ്പർശിക്കവെ
അറിഞ്ഞിരുന്നില്ലവൾ മൺ തിരി
കളെപ്പോലെ നിഷ്പ്രഭം താനെന്ന്
അഴിഞ്ഞ മുടിയിഴകളാൽ
അധരങ്ങളിലെ വറ്റാത്ത പൂനിലാവിനാൽ
ചെൻ ചെടിയിലെ നണക്കുഴികളാൽ പൊന്നിൻ നെറ്റിയിലെ
ചന്ദനത്തിൽ സുഗന്ധത്തൽ
തീരാത്ത സംസാരത്തിൽ വശ്യതയാൽ
ഉറക്കം കെടുത്തിയ സഖി .:...
അകലാനാവാത്ത ആയിരം ജന്മാന്തരങ്ങളിൽ
നിറഞ്ഞൊഴുകുന്ന സ്നേഹത്തിൽ കിന്നക്കളാൽ
നീ '.... എന്നുമെൻ കൂട്ടിനെത്തും എന്റെ മോഹത്തിൽ
ചാരത്തിരിക്കൻ
എന്റെ യാത്രയിൽ കൂട്ടുചേരാൻ:'.

**സിയ**
**IX**

# ആ ഭാഷ



കുഞ്ഞുങ്ങൾക്ക് സ്വന്തമായ ഒരു ഭാഷയുണ്ട്. പൂക്കളോടും കിളികളോടുമെല്ലാം അവർ കൊഞ്ചി പറഞ്ഞു കൊണ്ടേ... ഇരിക്കും അത് കേട്ട് പൂക്കൾ തലയാട്ടുകയും കിളികൾ മറുപടി പറയുകയും ചെയ്യു.പക്ഷെ ,കുഞ്ഞുങ്ങൾ വലുതായി സ്കൂളിൽ പോകാൻ തുടങ്ങുന്നതോടെ എല്ലാം മാറിമറിയുന്നു. കിളികൊഞ്ചൽ മാറിമറിയുന്ന നാവിലേക്ക് വ്യാകരണങ്ങളും കടുകട്ടിയായ വിഷയങ്ങളുമെല്ലാം വന്ന് നിറയുകയാണ്. അതോടെ അതിസുന്ദരമായ ആ ലോക ഭാഷാ നാവിൽ നിന്ന് എങ്ങോട്ടെന്നില്ലാതെ അപ്രത്യക്ഷമാകുന്നു. അതിനാൽ സ്കൂളിൽ പോകുന്ന ദിവസം അച്ഛൻ കുഞ്ഞിനെ ഉപദേശിക്കുന്നതാണ് ഈ കവിതയിൽ കേൾക്കുന്നത് കുഞ്ഞേ, നീ നിന്റെ പ്രിയപ്പെട്ടവരോട് യാത്ര പറഞ്ഞിട്ടെ... പോകൂ... പൂക്കളും പൂമ്പാറ്റകളും കിളികളും കാറ്റും മഴയുമെല്ലാം ഇപ്പോൾ നിന്റെ ഭാ

എത്തിയുന്നവരാണ്. പക്ഷെ ,നീ സ്കൂളിൽ പോയിക്കഴിഞ്ഞാൽ നിന്റെ നാവിൽ നിന്ന് ഈ

ഭാഷ അപ്രത്യക്ഷമാകും നിങ്ങൾ പരസ്പരം മറന്നു പോകും അതിനാൽ അവരോട് യാത്ര ചൊല്ലൂ .കവി ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത് മറ്റൊന്നുമല്ല പ്രകൃതിയോട് സംവാദിക്കനുള്ള കഴിവ് കഴിവ് നഷ്ട്ടപ്പെടുത്തലാവരുത് വിദ്യഭ്യാസം: ലോകത്തുള്ള എല്ലാവരും തന്റെ ബന്ധുക്കളാണ് എന്ന അറിവ് കുട്ടികൾ ഒരുനാളും വരാതിരിക്കട്ടെ എന്ന പ്രാർത്ഥനയോടെയാണ് ഈ കവിത.

"പോയി നാമിത്തിരിവ്യാകരണം
വായിലാക്കീട്ടു വരുന്ന മന്ദം
നാവിൽ നിന്നപ്പോഴെപോയിക്കഴിഞ്ഞു
നാനാ  ജഗന്മനോരമ്യഭാഷാ"

പള്ളിക്കൂടത്തിലേക്ക് വീണ്ടും , ഇടശ്ശേരി

# തൃഷ

# IX

സിഫിയാക്കോ

# അമ്മ

വീടിന്റെ ഐശ്വര്യം എന്റെ അമ്മ
ഏതൊരു വിജയത്തിനും എന്റെ അമ്മ
നമ്മെ ജനിപ്പിച്ച ദൈവമാണ് അമ്മ
ഈശ്വരൻ തന്ന നിധിയാണ് അമ്മ
വാത്സല്യത്തോടെ ഊട്ടുന്ന
**ദൈവതുല്യമാണ് എന്റെ അമ്മ**



അമ്മ

# A Wise old owl

There was an old owl that lived in an oak tree. Everyday he saw incident happening around him. Yesterday he saw a boy helping an old man to carry a heavy basket. Today he saw a girl shouting at her mother. The more he saw the less he spoke. As he spoke less, he heard more. He heard people talking and telling stories. He heard a women saying that an elephant jumped over a fence. He also heard a man saying that he had never made a mistake. Some became better and some became worse. But the old owl had become wiser each and everyday.

***Pooja Manoj Kumar***
***VIII***



# Thoughts About Friends



Chance makes our parents, but choice make our friend.
Delille

The only way to have a friend is to be one.
- Ralph Waldo Emerson

Do good to your friend to keep him, and to your enemy to make him friend.
- E.W Scripps.

Be slow in choosing a friend, slower in changing.
- Benjamin Franklin

A friend is one before whom I may think aloud.
- Ralph Waldo Emerson

In prosperity, our friends known us; in adversity; we know our friends.
- John Churton Collins

**- Pooja Manoj Kumar**
**VIII**

# Fake Friends




Vijay and Raju are friends,on a holiday they went into a forest. They were enjoy the beauty of the nature. Suddenly they saw a bear coming to them,they were frightened Raju could new climbing trees ran up a tree and climbed up goodly. He did not think of Vijay. Vijay don't know climbing tree, Vijay thought for a second he had heard animal  bear is don't eat dead bodies. He felt to the ground and held it's breath. The bears left him and thought he was dead. So he went away. Raju asked to Vijay " what did the bear whispered into the ears." Vijay replied " the bear asked me to keep away from friends like you and went on its way.

**- Navami K.S**
**VIII**

സിഫിയാക്കോ






# കുറുക്കനും മുതലയും

ഒരു മുതലയും ഞണ്ടും കൂട്ടുകാരായിരുന്നു. മുതലക്ക് കുറുക്കന്റെ ഇറച്ചി തിന്നണമെന്നാണ് ആശ.

ഞണ്ടുപോയി ഒരു കുറുക്കനെ മുതലയുടെ കുളത്തിലേക്ക് കൊണ്ട് വന്നു.കുളത്തിൽ ധാരാളം മീനുണ്ട് . അവയെ പിടിച്ച് തിന്ന് കൊള്ളാൻ പറഞ്ഞ് കുറുക്കനെ ഞണ്ട് കുളത്തിൽ ഇറക്കി. കുറുക്കൻ പെട്ടെന്ന് മുതലയെകണ്ട് പേടിച്ച് തിരിഞ്ഞോടാൻ ഭാവിച്ചു.

കുറുക്കച്ചാ , ആ മുതല ചത്തതാണ് . നീ പേടിക്കേണ്ട ഞണ്ട് ഒരു നുണ തട്ടിവിട്ടു. കുറുക്കനും മോശക്കാരനല്ലായിരുന്നു. അവൻ പറഞ്ഞു . 'ചത്ത മുതലയാണെങ്കിൽ അത് വാലാട്ടുമല്ലോ ? ഈ മുതല വാലാട്ടാത്തതെന്താ" ? കേട്ടപ്പോൾ മുതല വിചാരിച്ചു . താൻ ചത്തതാണെന്ന് കുറുക്കനെ ബോധ്യപ്പെടുത്താൻ വാലാട്ടാമെന്ന്. അവൻ തന്റെ വാൽ ഇടത്തോട്ടും വലത്തോട്ടും ആട്ടാൻ തുടങ്ങി . അതു കണ്ടപ്പോൾ കുറുക്കന് മനസ്സിലായി മുതല ചത്തിട്ടില്ലെന്ന് . കുറുക്കൻ പറഞ്ഞു . എടാ ഞണ്ടേ നിന്റെയും മുതലയുടെയും തന്ത്രം എനിക്ക് മനസ്സിലായി . നിങ്ങളെ ഞാൻ വെറുതെ വിടില്ല . സൂകാഷിച്ചോ . അത് കേട്ട് ഞണ്ടും മുതലയും ഞെട്ടി . അവർ പിന്നെ ആരെയും ചതിക്കാൻ ശ്രമിച്ചില്ല.

സിഫിയാക്കോ

# കഴുതയുടെ പാട്ടുകച്ചേരി

ഒരിക്കൽ ഒരു കുറുക്കനും കഴുതയും കൂടി ഒരു പച്ചക്കറിത്തോട്ടത്തിൽ കടന്നു . കുറുക്കൻ അവിടെ നിന്ന് ഒരു കോഴിയെ പിടിച്ചു തിന്നു വിശപ്പടക്കി. കഴുത തോട്ടത്തിലെ പച്ചക്കറികളൊക്കെ തിന്ന് വെളുപ്പിച്ചു.

"അളിയാ , എനിക്ക് സന്തോഷം കൊണ്ട് പാട്ടുപാടാൻ തോന്നുന്നു.”

പൊന്നളിയാ , നീ പാടല്ലേ ; "കർണകഠോരമായ നിന്റെ പാട്ടുകേട്ടാൽ കാവൽക്കാരൻ ഓടിവരും" കുറുക്കൻ തടഞ്ഞു. പക്ഷേ കഴുത കൂട്ടാക്കിയില്ല . ശബ്ദം കേട്ട് കാവൽക്കാരൻ തോട്ടത്തിലേക്ക് ഓടിയെത്തി. അതുകൊണ്ട് കുറുക്കൻ ഓടി രക്ഷപ്പെട്ടു.കഴുതയ്ക്ക് ഓടാൻ കഴിഞ്ഞില്ല. തിന്ന് വീർത്ത വയറിൻെ ഭാരം കാരണം അതിന് വേഗം നടക്കാൻ പോലും വയ്യായിരുന്നു.

കാവൽക്കാരൻ കഴുതയെ പൊതിരെ തല്ലി. അയാൾ അവന്റെ കഴുത്തിൽ ഒരു വലിയ കല്ലും കെട്ടിവിട്ടു. പാവം കഴുത ! വേച്ചുവേച്ച് പുറത്തേക്ക് നടന്നു. പാവം കഴുത

അവന്റെ കട്ടുതീറ്റയും പാട്ടുകച്ചേരിയും അന്നത്തോടെ അവസാനിച്ചു.

# THE LION AND THE FOUR COWS

Once upon atime four cows stayed together.They grazed the jungle together.They became thick friends.Once a lion wanted to eat them.It tried to attack them.All the cows attacked the lion.the king of the jungle had to run away.He wondered how he could eat them.He called the fox.The fox said,I will divide them.Then you can eat them one by one.The lion agreed.The fox met the cows.He spread hater among them.They quarrelled.Each went in different direction for gazing.The lion killed them one by one.

**Moral :UNITED WE LIVE,DIVIDED WE FALL**

# സുന്ദര ഗ്രാമം

എന്റെ ഗ്രാമം നല്ല ഗ്രാമം
കണ്ണിനെന്നും പുണ്യ ഗ്രാമം
കേറമാർണ കേളിയാറും
പൂ നിറഞ്ഞ പുഴനിറഞ്ഞു
പൂ വനങ്ങൾ തിങ്ങിയാർന്ന
സുന്ദരമാം എന്റെ ഗ്രാമം
**എന്റെ ഗ്രാമം നല്ല ഗ്രാമം**



# ഏലഞ്ചലഞ്ചോ

ഏലഞ്ചേലഞ്ചോ
ഏലഞ്ചും കൈതോല
എന്തിൽ ചോടാണ്
ചോട്ടുകെട്ടിപ്പോകണത് ?
തേങ്ങാചോടാണ് ചോട്ടുകെട്ടിപ്പോകണത്
ഏലഞ്ചേലഞ്ചോ
ഏലഞ്ചും കൈതോല
എന്തിൽ ചോടാണ്
ചോട്ടുകെട്ടിപ്പോകണത് ?
**തേങ്ങാചോടാണ് ചോട്ടുകെട്ടിപ്പോകണത്**

## സിഫിയാക്കോ


V.P.M.S.N.D.P.H.S.S KAZHIMBRAM
സബ്ജില്ലാ ഗെയിംസ് 2018 – 19
തുടർച്ചയായി 5-ാം വർഷവും ഓവറോൾ കിരീടം
24 സ്വർണ്ണമെഡൽ
7 വെള്ളിമെഡൽ
10 വെങ്കലമെഡൽ
294 പോയിന്റ്
സംസ്ഥാന സ്കൂൾ ഗെയിംസ് - മികവ് 2018 -19
അഭിനന്ദനങ്ങളോടെ.....
മാനേജ്മെന്റ്, പി.ടി.എ & സ്റ്റാഫ്


നൂറിന്റെ നിറവിൽ
കഴിമ്പ്രം സ്കൂൾ
SSLC പരീക്ഷയിൽ 100% വിജയവും 15 ഫുൾ A Plusഉം
കരസ്ഥമാക്കിയ കഴിമ്പ്രം VPMSNDPHSSലെ വിദ്യാർത്ഥികൾക്കും
വിജയത്തിന് പ്രാപ്തരാക്കിയ സ്റ്റാഫ് അംഗങ്ങൾക്കും രക്ഷിതാക്കൾക്കും
അഭിനന്ദനങ്ങൾ...

# കരുതലോടെ

# കേരളത്തിനൊപ്പം
















# സിഫിയാക്കോ



# ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് 2018–19



# ലിറ്റിൽ കൈറ്റ്സ് മാഗസീൻ ടീം



# നന്ദി ...........

**പൂർണതയുണ്ടെന്ന** നാട്യങ്ങളില്ലാതെ , **സൃഷ്ടികൾ ഏവരുടെയും മനം കവരട്ടെ എന്ന പ്രാർത്ഥനയോടെ സിഫിയാക്കോ** ഇവിടെ **അനാവൃതമാവുകയാണ് . ഇതിലെ അക്ഷരങ്ങളുടെ നീലനിലാത്തളിക**

**സ്വായത്തമാക്കാൻ പ്രേരകശക്തിയായും മറ്റും ഒപ്പം നിന്ന ഏവരോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. ...........**

